# ദേശീയ സമ്മാനവും മലയാള സാഹിത്യവും

എൻ. വി. കൃഷ്ണവാരിയർ

ഇന്ത്യയിലെ പ്രമുഖ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്ന ഓരോ പുസ്തകത്തിനും ആണ്ടുതോറും 5000 ക. സമ്മാനം കേന്ദ്ര സാഹിത്യ അക്കാദമി നൽകുന്നുണ്ട്. ഒരു ലക്ഷം രൂപ വരുന്ന ജ്ഞാനപീഠ സമ്മാനം ഒഴിവാക്കിയാൽ ഇന്ത്യയിലെ ഏററവും വലിയ സാഹിത്യപുരസ്കാരം ഇതാണ്. ഈ സമ്മാനം നേടിയ കൃതി മററു ഭാരതീയ ഭാഷകളിലേക്കു വിവർത്തനം ചെയ്യുന്നതിന്നു തിരഞ്ഞെടുക്കപ്പെടാറുണ്ട്. ഇക്കാരണങ്ങളാൽ ഇന്ത്യയിലെ എഴുത്തുകാർ ഈ സമ്മാനത്തെ വളരെയധികം വില മതിച്ചു വരുന്നു.

ഈയാണ്ടിൽ മലയാളത്തിലെ ഒരു പുസ്തകവും ഈ സമ്മാനം നല്കി ബഹുമാനിക്കപ്പെട്ടില്ല. മലയാളത്തിലെ എഴുത്തുകാർക്കിടയിൽ പരക്കെ അസംതൃപ്തി ഇതിൻഫലമായി ഉളവായിട്ടുണ്ട്. മററു ഭാഷകളിൽ ദേശീയ സമ്മാനത്തിന്നർഹങ്ങളായി തിരഞ്ഞെടുക്കപ്പെട്ട കൃതികളോട് കിടപിടിക്കുന്ന കൃതികൾ ഈ കാലഘട്ടത്തിൽ മലയാളത്തിൽ നിർമ്മിക്കപ്പെടുകയുണ്ടായില്ലേ എന്നു, പലരും ചോദിക്കുന്നു, ചോദ്യം ന്യായമായ ഒന്നാണ്. ദീർഘകാലത്തെ സാഹിത്യസേവന പാരമ്പര്യമുള്ള പലരും, സമ്മാനത്തിന്നു നിശ്ചയിക്കപ്പെട്ട കാലഘട്ടത്തിന്നുള്ളിൽ, മോശമല്ലാത്ത കൃതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലതിന്ന് സമ്മാനം നൽകപ്പെട്ടിരുന്നുവെങ്കിൽ, മലയാളികളിലാർക്കും അതിൽ പരാതിയുണ്ടാകുമായിരുന്നില്ല. ദേശീയ തലത്തിലുള്ള ഒരു സമ്മാനം ഒരാണ്ടിൽ മലയാളത്തിന്നു ലഭിക്കുന്നില്ലെങ്കിൽ, അതിന്ന് അകേരളീയർ നൽകുന്ന വ്യാഖ്യാനം ആ ആണ്ടിൽ മലയാളത്തിൽ നല്ല പുസ്തകങ്ങളൊന്നും എഴുതപ്പെട്ടിട്ടില്ലെന്നായിരിക്കും. ധാരാളം സർഗ്ഗാത്മക പ്രവർത്തനം നടക്കുന്ന നമ്മുടെ സാഹിത്യമേഖലയെപ്പററി തെററായ ധാരണ അങ്ങിനെ പരക്കുവാൻ വഴിയുണ്ട്.

സാഹിത്യ അക്കാദമിയുടെ പ്രവർത്തകസമിതിയിൽ കേരളത്തിൽനിന്നുള്ള ഒരംഗമുണ്ട്. അദ്ദേഹം വേണ്ടത്ര ശ്രദ്ധിച്ചിരുന്നുവെങ്കിൽ മലയാള സാഹിത്യത്തിന്ന് അതിന്റെ ന്യായമായ അവകാശം ലഭിക്കാതെ പോകുമായിരുന്നില്ല എന്ന ധാരണയുള്ളവരെയും ധാരാളമായി കാണാം. ഈ ധാരണ ചില പൊതുപ്രസംഗവേദികളിൽ തുറന്ന ആക്ഷേപമായി പ്രവഹിക്കുന്നതു കേൾക്കാൻ ഈ ലേഖകന്ന് അവസരമുണ്ടായിട്ടുണ്ട്. 'യുഗരശ്മി'യുടെ കഴിഞ്ഞ ലക്കത്തിലുണ്ടായിരുന്ന കുറിപ്പും ഇവിടെ ഓർമ്മിക്കേണ്ടതത്രേ.

കുററം പങ്കുവെച്ചുകൊടുക്കാനുള്ള വാസന നമുക്കെല്ലാവർക്കുമുള്ളതുതാണ്. ഇതുകൊണ്ട് സ്വന്തം നിരപരാധിത്വത്തിൽ സ്വയം ആശ്വാസം കൊള്ളാമെന്നല്ലാതെ മറെറാരു പ്രയോജനവുമില്ല. ഈയാണ്ടിലെ അനുഭവം ഇതിന്നു മുമ്പും പല തവണ ഉണ്ടായിട്ടുള്ളതാണ്. അതിനിയും ആവർത്തിക്കാതിരിക്കണമെങ്കിൽ, ഈ സമ്മാനം നൽകുന്ന സമ്പ്രദായത്തെപ്പററി പൊതുവെ ഒരു ധാരണ ആവശ്യമാകുന്നു. ദേശീയ സമ്മാനത്തിന്റെ കാര്യത്തിൽ മാത്രമല്ല, ജ്ഞാനപീഠസമ്മാനംപോലെയുള്ള മററു സാഹിത്യ പുരസ്കാരങ്ങളുടെയും കാര്യത്തിലും ഈ ധാരണ വളരെയധികം പ്രയോജനകരമായിരിക്കും.

ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ ഇന്ത്യയിലെ ഓരോ ഭാഷയിലും ഉണ്ടായ മൌലികവും സുപ്രധാനവുമായ സർഗ്ഗാത്മക കൃതിയേതു് എന്നു മനസ്സിലാക്കുവാൻ സാഹിത്യ അക്കാദമിയും ജ്ഞാനപീഠ സമ്മാനത്തിന്റെ കേന്ദ്രക്കമ്മിററിയും തുല്യസംഘടനകളും അതാതു ഭാഷാപ്രദേശത്തിലെ ജനങ്ങളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇതു് അനിവാര്യമാണ്. ജനങ്ങളെ സമീപിക്കാനാകട്ടെ,

പത്രങ്ങളുടെ സഹായം തേടുകയല്ലാതെ വേറെ വഴിയൊന്നുമില്ല. സമ്മാനാർഹമായ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിന്നുള്ള നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ടു് പത്രങ്ങളിലേക്കയയ്ക്കപ്പെടുന്ന പ്രസ്താവനകൾക്കു് പലപ്പോഴും വേണ്ടത്ര പ്രാധാന്യം ലഭിയ്ക്കാറില്ല. പ്രാധാന്യംനൽകി പ്രസിദ്ധപ്പെടുത്തിയാൽപ്പോലും, നമ്മുടെ വായനക്കാർ അവയെ കാര്യമായെടുക്കാറുമില്ല.

പത്രങ്ങളിൽ പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തുന്നതിന്നുപുറമെ, അതാതു ഭാഷാപ്രദേശത്തിലുള്ള സംഘടനകൾക്കും പ്രശസ്ത വ്യക്തികൾക്കും നേരിട്ടെഴുതി അഭിപ്രായങ്ങൾ ക്ഷണിക്കുന്നതു് കേന്ദ്ര സാഹിത്യ അക്കാദമിയുടേയും ജ്ഞാനപീഠം കേന്ദ്രക്കമ്മിററിയുടേയും മററും പതിവാണു്. ഇതിന്നായി അച്ചടിച്ച നിർദ്ദേശ പത്രികകൾ അയച്ചുകൊടുക്കുകയും പതിവുണ്ടു്. ഇങ്ങിനെ നിർദ്ദേശപത്രിക അയച്ചുകൊടുക്കേണ്ടവരുടെ വലിയ ലിസ്ററുകൾ തയ്യാറാക്കി വെച്ചിരിയ്ക്കും. ഇവ യഥാകാലം പുതുക്കുകയും ചെയ്യും. നിർദ്ദേശപത്രികക്കാവശ്യപ്പെട്ടെഴുതുന്ന ആർക്കെങ്കിലും അതു കിട്ടാതിരുന്നിട്ടുള്ളതായി ഇതുവരെ കേട്ടിട്ടില്ല.

ഈ സംവിധാനങ്ങളൊക്കെയുണ്ടായാലും, അതാതു കാലത്തു് പ്രസിദ്ധംചെയ്യുവയും സമ്മാനത്തിന്നു പരിഗണിക്കേണ്ടവയുമായ പുസ്തകങ്ങളെപ്പററി ഗണനീയങ്ങളായ നിർദ്ദേശങ്ങളൊന്നും ജനങ്ങളിൽനിന്നു കിട്ടാറില്ല എന്നതാണു് ദയനീയമായ വാസ്തവം. ഒരു ലക്ഷം രൂപയുള്ള ജ്ഞാനപീഠ സമ്മാനത്തിന്നു് മലയാളത്തിൽ അയച്ചുകിട്ടാറുള്ളതു് പത്തോ പന്ത്രണ്ടോ നിർദ്ദേശപത്രികകളാണു്. ഇവയിൽ പലതും ഒന്നിനും കൊള്ളാത്ത സ്കൂൾ ഗൈഡു് മട്ടിലുള്ള പുസ്തകങ്ങളെപ്പററി അവയുടെ കർത്താക്കൾ തന്നെ അയയ്ക്കുന്ന നിർദ്ദേശങ്ങളായിരിക്കും. യഥാർത്ഥത്തിൽ വിചിന്തനം അർഹിക്കുന്ന മൂന്നോ നാലോ നിർദ്ദേശങ്ങൾ ലഭിച്ചാൽ വലിയ കാര്യമായി. കേന്ദ്ര സാഹിത്യ അക്കാദമിയുടെ അനുഭവവും ഇതിൽനിന്നു വളരെയൊന്നും വ്യത്യസ്തമായിരിക്കാൻ ഇടയില്ല.

നിർദ്ദേശപത്രികകൾ അയച്ചുകിട്ടിയാൽ അവയിലുള്ള പുസ്തകങ്ങളുടെ പട്ടികയുണ്ടാക്കി പ്രശസ്തരായ ഏതാനും സാഹിത്യ പണ്ഡിതന്മാക്കു് അയച്ചു് അവരുടെ അഭിപ്രായം ആരായുകയാണു് സാഹിത്യ അക്കാദമി ചെയ്യുന്നതു്. ഒടുവിൽ മൂന്നുപേരുടെ നിർദ്ദേശത്തിന്നു് ഈ ഗ്രന്ഥങ്ങൾ സമപ്പിക്കപ്പെടുന്നു: രണ്ടുപേർ ശുപാർശചെയ്യുന്ന കൃതിക്കു് സമ്മാനം ലഭിക്കുകയും ചെയ്യുന്നു എന്നു് ഈയിടെ പ്രസ്താവിക്കപ്പെട്ടു കണ്ടു. ജ്ഞാനപീഠ സമ്മാനത്തിന്റെ കാര്യത്തിലാകട്ടെ, അതാതു ഭാഷയിലെ ഉപസമിതി, നിർദ്ദേശപത്രികകളിലടങ്ങിയ ഗ്രന്ഥങ്ങൾക്കു പുറമെ, നിശ്ചിത കാലത്തു് അതാതു ഭാഷയിലുണ്ടായ എല്ലാ കൃതികളും കൂലങ്കഷമായി പരിശോധിക്കണമെന്നാണു് വെപ്പു്.

ഏററവും അർഹതയുള്ള പുസ്തകത്തിന്നു് സമ്മാനം ലഭ്യമാക്കുന്ന കാര്യത്തിൽ സാഹിത്യ സംഘടനകൾക്കു ഗണ്യമായ സഹായം ചെയ്യാൻ കഴിയും. പക്ഷേ, അവ അത്തരം സഹായമൊന്നും ചെയ്യാറില്ല എന്നതാണു് വാസ്തവം. സംഘടനയിൽ പല അംഗങ്ങളുമുണ്ടാവും: അവക്കു പല താല്പര്യങ്ങളും കാണും. അതിനാൽ, ഒരു പുസ്തകം സമ്മാനാർഹമെന്നു് ഒരു സംഘടന ശുപാർശചെയ്യുമ്പോൾ മററു പല ഗ്രന്ഥകാരന്മാരും അവരുടെ പക്ഷത്തുള്ളവരും ആ സംഘടനയോടു് ഇടയുന്നു. സമ്മാനത്തിന്നു് ഏതെങ്കിലും ഗ്രന്ഥം നിർദ്ദേശിക്കുകയെന്ന ചുമതലയിൽനിന്നൊഴിയുന്നതിന്നു് കേരള സാഹിത്യ അക്കാദമിപോലെയുള്ള സംഘടനകൾ പറയുന്ന ഈ കാരണം കുറെയൊക്കെ ന്യായമാണു്. എന്നാൽ, നിശ്ചിത കാലഘട്ടത്തിൽ സമ്മാനാർഹമായ കൃതിയൊന്നും മലയാളത്തിൽ ഉണ്ടായിട്ടേയില്ല എന്നു് 'ശുപാർശ'ചെയ്യുവാൻ ഇത്തരം സംഘടനകൾ ചില അവസരങ്ങളിൽ വ്യഗ്രത കാണിച്ചിട്ടുള്ളതു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല.

കേന്ദ്ര സാഹിത്യ സമിതിക്കു് ഓരോ ഭാഷയിലും ഓരോ ഉപദേശകസമിതിയുണ്ടു്. ഈ സമിതിയെ സമ്മാനവിതരണവുമായി ഏതെങ്കിലും ഘട്ടത്തിൽ

ഴിപ്പോൾ ബന്ധപ്പെടുത്തിയിട്ടില്ല. ബന്ധപ്പെടുത്തുന്നപക്ഷം, താതാതു കാലത്തു് മലയാളത്തിലുണ്ടായ സമ്മാനാർഹങ്ങളായ കൃതികളെപ്പററി സ്വന്തം ഉത്തരവാദിത്വത്തിൽ നിർദ്ദേശങ്ങൾ ഉന്നയിക്കുവാൻ ഈ ഉപദേശകസമിതി തയ്യാറാകുമെന്നാണ് എൻെറ വിശ്വാസം.

അതേതായാലും, നിർദ്ദിഷ്ട ഗ്രന്ഥങ്ങളുടെ ലിസ്റ്റ് ഏതെങ്കിലും മൂന്നാപേക്കയച്ചു്, അവരിൽ രണ്ടുപേരുടെ അഭിപ്രായം ഒത്തുവരുമ്പോൾ മാത്രം സമ്മാനം നൽകുന്ന രീതിയിൽ കാര്യമായ തകരാറുണ്ട്. ഈ മൂന്നാപേരും പരസ്പരം അറിയാറില്ല എന്നാണ് കേൾക്കുന്നതു്. അങ്ങിനെ പരസ്പരം അറിയാത്ത മൂന്നാപേക്ക തമ്മിൽ ഏകാഭിപ്രായമോ ഭൂരിപക്ഷാഭിപ്രായമോ ഉണ്ടാകാത്തപ്പോൾ, അവർ മൂന്നാപേരേയും ഒന്നിച്ചു് കൂട്ടുകയും, പരസ്പരം ചർച്ചചെയ്ത് എന്തെങ്കിലും ഭൂരിപക്ഷാഭിപ്രായത്തിൽ എത്താൻ അവക്ക് ഒരവസരം നൽകുകയും ചെയ്യാവുന്നതും ചെയ്യേണ്ടതുമാണ്. ഇപ്പോഴത്തെ സമ്പ്രദായം ഏതാണ്ടു ഭാഗ്യക്കുറിയുടെ നറുക്ക് വീഴുമ്പോലെയാണ്. ഇതു മാററിയേ തീരൂ.

പ്രധാനമായി ശ്രദ്ധിക്കാനുള്ളതു് സമ്മാനത്തിന്ന പുസ്തകം നിർദ്ദേശിക്കുന്ന സമ്പ്രദായത്തിലാണ്. പുസ്തക നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ടു് അക്കാദമിയോ തുല്യ സംഘടനകളോ അയയ്ക്കുന്ന അഭ്യർത്ഥനകൾ പ്രാധാന്യം നല്ലി പത്രങ്ങൾ പ്രസിദ്ധം ചെയ്യണം. ഇത്തരം അഭ്യർത്ഥനകൾ രണ്ടോ മൂന്നോ പ്രാവശ്യം പ്രസിദ്ധം ചെയ്യാൻ പററുമെങ്കിൽ അത്രയും നല്ലതു്. അഭിപ്രായം പറയാൻ പ്രയാസമുള്ള സാഹിത്യ സംഘടനകൾക്ക് നിർദ്ദേശപത്രികകൾ വാങ്ങി വിതരണംചെയ്യുന്ന ചുമതല ഏറെറടുക്കാൻ എന്താണ് വിരോധം? എൻ. ബി. എസ്. പോലെയുള്ള പുസ്തകവില്പനശാലകൾക്ക് ഈ വിഷയത്തിൽ ഗണ്യമായ സഹായം ചെയ്യാൻ പററും. അവർ വഴിയ്ക്ക് വിതരണം ചെയ്യപ്പെടുന്ന നിർദ്ദേശപത്രികകളിൽ ചിലതെങ്കിലും പൂരിപ്പിയ്ക്കപ്പെട്ട് നിശ്ചിത സ്ഥാനത്തു് യഥാസമയം എത്തുമെന്ന് വിശ്വസിയ്ക്കാം. ഗ്രന്ഥശാലാസംഘത്തിന്നും ഇക്കാര്യത്തിൽ തെ ചുമതലയുണ്ട്. ഓരോ ഗ്രന്ഥാലയത്തിൽനിന്നും ഓരോ നിർദ്ദേശപത്രിക പൂരിപ്പിച്ചു് അയയ്ക്കാൻ സാധിക്കണം, സാധിക്കാതിരിക്കാൻ യാതൊരു കാരണവുമില്ല.

അങ്ങിനെ സമ്മാനത്തിന്ന പുസ്തകങ്ങൾ നിർദ്ദേശിക്കുന്ന ഘട്ടത്തിൽ പൊതുജനാഭിപ്രായം ഉദ്ബുദ്ധമായി വർത്തിച്ചാൽ, പിന്നീട് സമ്മാനം കിട്ടാതിരുന്നതിലോ, അനർഹമായ പുസ്തകത്തിന്ന സമ്മാനം കിട്ടിയതിലോ ആക്ഷേപവും പ്രതിഷേധപ്രസ്ഥാനവും ആവശ്യമായി വരികയില്ല. പൊതുവേദികളിൽ പ്രസംഗങ്ങൾ ഉണ്ടാവേണ്ടതു് നിർദ്ദേശഘട്ടത്തിലാണ്; സമ്മാനമോ അതിൻെറ അഭാവമോ പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞതിന്നുശേഷമല്ല.

ജ്ഞാനപീഠസമ്മാനംപോലെ പ്രാധാന്യം നേടാനിടയുള്ള രെഖില ഭാരതീയ സമ്മാനമാണ് ഈയിടെ പ്രഖ്യാപിയ്ക്കപ്പെട്ട, ലളിത ശാസ്ത്രീയ ഗ്രന്ഥങ്ങൾക്കായുള്ള കലിംഗസമ്മാനം. ഇവയുടെ തൊട്ടുതാഴെയാണ്, സമ്മാനത്തുകകൊണ്ടു നോക്കിയാൽ, അക്കാദമി സമ്മാനത്തിൻെറ സ്ഥിതി. ആയിരം ക്രൂപ വരുന്ന 'ഓടക്കുഴൽ' സമ്മാനം ഈ ആണ്ടു മുതൽ മലയാളത്തിൽ നൽകപ്പെട്ടുതുടങ്ങും. എം. പി. പോൾ സമ്മാനം, കല്യാണികൃഷ്ണമേനോൻ സമ്മാനം മുതലായ, സാഹിത്യ പ്രവർത്തക സഹകരണസംഘം മുഖേന നൽകുന്ന സമ്മാനങ്ങൾ വേറെയുമുണ്ട്. കേരള സാഹിത്യ അക്കാദമി, കേന്ദ്ര ഗവമ്മേണ്ടു് മുതലായ സ്ഥാപനങ്ങൾ പല സമ്മാനങ്ങളും ആണ്ടുതോറും നൽകിവരുന്നു. ഈ പ്രോത്സാഹനങ്ങൾ അർഹിക്കുന്നവക്ക ലഭിക്കുകയും, അങ്ങിനെ മലയാള സാഹിത്യത്തിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിയ്ക്ക് അവ ഉതകുകയും ചെയ്യണമെങ്കിൽ, സാഹിത്യപ്രേമികളിൽ ട്ടൊക്കെ ഉദ്ബുദ്ധതയും, പരാർത്ഥമായി അല്പം ക്ലേശം സഹിയ്ക്കാനുള്ള സന്നദ്ധതയും, ഉളവാകേണ്ടിയിരിക്കുന്നു.

'ഹേതാവീഷ്യേൽ ഫലേതുന' എന്ന അഷ്ടാംഗഹൃദയകാരൻെറ വചനമാണ് ഈ സന്ദർഭത്തിൽ ഓർമ്മിച്ചുപോവുന്നതു്. *